പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2429 — 19/03/2015 ൽ മറുപടി നൽകേണ്ടിയിരുന്നതിന്റെ സമ്പൂർണ്ണ മറുപടി

## അലോപ്പതി, ആയുർവ്വേദം, ഹോമിയോ ആശുപത്രികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ഡോമിനിക് പ്രസന്റേഷൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | അലോപ്പതി, ആയുർവ്വേദം, ഹോമിയോ ആശുപത്രികൾ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നിലവിലുണ്ടോ; ആശുപത്രികൾ ഇല്ലാത്തത് ഏത് വിഭാഗത്തിലാണെന്ന് വിശദമാക്കുമോ; | (എ) | ഇല്ല. |
| (ബി) | ഈ വിഭാഗങ്ങളിൽ ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ആയത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ഇത് സംബന്ധിച്ച വ്യക്തമായ ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് ഈ വിഭാഗങ്ങളിലായി എത്ര ആശുപത്രികൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ? | (സി) | അലോപ്പതി വിഭാഗത്തിൽ 24 പ്രാഥമികാരോഗ്യകേന്ദ്രങ്ങളും ഒരു ഗവൺമെന്റ് ഡിസ്പെൻസറിയും ഒരു ഫിഷറീസ് ഡിസ്പെൻസറിയും ആരംഭിച്ചിട്ടുണ്ട്. ആയുർവ്വേദ വിഭാഗത്തിൽ 77 ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുകയും 8 ഡിസ്പെൻസറികൾ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രികളായി അപ്ഗ്രേഡ് ചെയ്തിട്ടുമുണ്ട്. ഹോമിയോപ്പതി വകുപ്പിൽ 110 പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ വണ്ടൂരിൽ 10 കിടക്കകളോടുകൂടിയ ഒരു പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററും, കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ 10 കിടക്കകളോടുകൂടിയ മറ്റൊരാശുപത്രിയും അനുവദിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ